**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1963** **20-06-2024 - ൽ മറുപടിയ്ക്ക്**

**താറാവ് കർഷകർക്കായി പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനിയെ തുടർന്ന് എത്ര താറാവുകളെയാണ് കൊന്നൊടുക്കിയതെന്ന് അറിയിക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മണ്ഡലത്തിൽ 2024 ഏപ്രിൽ മാസത്തിൽ സ്ഥിരീകരിച്ച പക്ഷിപ്പനിയിൽ 11,939 താറാവുകളെ കൊന്നൊടുക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഫലമായി താറാവ് കർഷകർക്ക് സംഭവിച്ചിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | താറാവിന്റെ വിലയിനത്തിൽ കർഷകർക്ക് 24,92,200/- രൂപ നഷ്ടം വന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത കർഷകർക്ക് വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാശം ലഭ്യമാക്കാമോ; ഇനി എത്ര തുക വിതരണം ചെയ്യാൻ ശേഷിക്കുന്നുവെന്ന് അറിയിക്കാമോ; | (സി) | 2024 ഏപ്രിൽ മാസത്തിൽ സ്ഥിരീകരിച്ച പക്ഷിപ്പനിയിൽ കർഷകർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല. |
| (ഡി) | നിരന്തരമായ പക്ഷിപ്പനി വ്യാപനത്തെ തുടർന്ന് കുട്ടനാട്/അപ്പർ കുട്ടനാട്ടിലെ താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും പ്രത്യേക പാക്കേജ് നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ